GOVERNMENT OF KERALA

No.8777/E3/95/RM

Taxes(E) Department,
Thiruvananthapuram,
Dated: 28.9.1995.
4.11.95.

From

The Secretary to Government,

To

The Inspector General of Registration,
Thiruvananthapuram.

Sir,

Sub:- Registration Department - Clarification on registration of documents - regarding.

Ref:- Your D.O.letter No.RR3.19752/94 dt.5.5.1995.

...

With reference to the above, I am directed to report as follows:-

An injunction Order, received by the Registering Officer from the Court passing the order, will come within the scope of Sub section (5) of Section 89 of the Registration Act and the registering officer shall file the copy in his Book No.1. Sections 58 to 63 of the Act specified the procedure on admitting to registration of a document and sections 71 to 77 specifies the reasons under which registration shall be refused and the procedure after such refusal.

The injunction Order prohibits alienation of the property by the parties to the I.A.1812/94 in O.S.732/92 and not a direction to the Registering Authority prohibiting registration. The Registering Authority can refuse registration only for the reasons specified in the Act. Hence, an injunction order produced by a party prohibiting alienation of the property will in no way affect the registration of the document.

Yours faithfully,
K.V.Radhakrishnan
Joint Secretary
For Secretary to Government.

Approved for issue

Sd/-
Section Officer

/ True copy/

ആർ.ആർ.9.15825/2003 രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ കാര്യാലയം,

തിരുവനന്തപുരം, കേരളം. തീയതി. 26.2.2014

# സർക്കുലർ

വിഷയം- കോടതികളുടെ നിരോധന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആധാരങ്ങളുടെരജിസ്ട്രേഷൻ നിഷേധിക്കുന്നത് - സംബന്ധിച്ച്

സൂചന- സർക്കാരിന്റെ 28.9.1995 ലെ 8777/ഇ3/95/റ്റി.ഡി നമ്പർ കത്ത്.

വസ്തുക്കളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട ആധാരങ്ങൾ ബാങ്കുകൾ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഹാജരാക്കുമ്പോൾ ടി വസ്തുക്കളിൽ സ്വകാര്യ വ്യക്തികളുടെ അറ്റാച്ച്മെന്റ് നിലനിൽക്കുന്നതിനാൽ രജിസ്ട്രേഷന് വിസമ്മതിക്കുന്നതായും, ആയതിനാൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇത്തരം ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (SLBC) സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിൽ സർക്കാർ നിർദ്ദേശാനുസരണം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

രജിസ്ട്രേഷനായി ഹാജരാക്കുന്ന ഒരാധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കുന്നതിനുള്ള കാരണങ്ങൾ 1908 -ലെ രജിസ്ട്രേഷൻ നിയമത്തിലെ 71 മുതൽ 77 വരെയുള്ള വകുപ്പുകളിലും 1958 ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 190 ലും 191 ലും വ്യവസ്ഥ ചെയ്യുന്നുണ്ട്. ടി നിയമത്തിനും ചട്ടങ്ങൾക്കും അവയ്ക്കു വിധേയമായി സർക്കുലർ മുഖേന രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നൽകിയിട്ടുള്ള നിർദേശങ്ങൾക്കും അനുസരണ മായി മാത്രമേ ഒരാധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കാൻ പാടുള്ളൂ എന്നും, ഒരാധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിച്ചു കൊണ്ട് നൽകുന്ന കുറിപ്പിൽ നിഷേധത്തിനുള്ള കാരണങ്ങൾ ആധികാരികമായും അനിവാര്യമായും ഉദ്ധരിക്കേണ്ടതാണ് എന്നും ഇതിനാൽ നിർദേശിക്കുന്നു.

1908 ലെ രജിസ്ട്രേഷൻ ആക്റ്റ് സെക്ഷൻ 89 സബ് സെക്ഷൻ (5) പ്രകാരം

(എ) ഏതെങ്കിലും ആൾക്കുള്ളതോ അല്ലെങ്കിൽ ഏതെങ്കിലും ആളുടെ വകയായുള്ളതോ ആയ സ്ഥാവര വസ്തുവിലുള്ള ഏതെങ്കിലും അവകാശമോ ഉടമാവകാശമോ അവകാശബന്ധമോ സൃഷ്ടിക്കുകയോ, പ്രഖ്യാപിക്കുകയോ, കൈമാറ്റം ചെയ്യുകയോ, പരിമിതപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്തുകൊണ്ടുള്ള ഏതെങ്കിലും ഡിക്രിയോ ഉത്തരവോ അല്ലെങ്കിൽ

(ബി) സ്ഥാവര വസ്തു ജപ്തി ചെയ്യുന്നതിനോ ജപ്തിയിൽ നിന്നും ഏതെങ്കിലും സ്ഥാവര വസ്തു ഒഴിവാക്കുന്നതിനോ ഉള്ള ഉത്തരവോ പാസാക്കുന്ന ഏതൊരു കോടതിയും, 21-ാം വകുപ്പിൽ ആവശ്യപ്പെട്ട വിധത്തിൽ പ്രായോഗികമാകാവുന്നിടത്തോളം വസ്തുവിന്റെ വിവരണം നൽകിക്കൊണ്ടുള്ള മെമ്മോറാണ്ടത്തോടൊപ്പം അങ്ങനെയുള്ള

ഡിക്രിയുടേയോ ഉത്തരവിന്റെയോ പകർപ്പ് , അങ്ങനെയുള്ള ഡിക്രിയിലോ ഉത്തരവിലോ അടങ്ങിയിട്ടുള്ള സ്ഥാവര വസ്തു മുഴുവനോ അതിന്റെ ഏതെങ്കിലും ഭാഗമോ രജിസ്റ്റർ ചെയ്യുന്ന ഏതൊരുദ്യോഗസ്ഥന്റെ തദ്ദേശാധികാരാതിർത്തിക്കുള്ളിലാണോ സ്ഥിതി ചെയ്യുന്നത് ആ ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതും, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ, തന്റെ 1- ാ ം നമ്പർ പുസ്തകത്തിൽ പകർപ്പും മെമ്മോറാണ്ടവും ഫയൽ ചെയ്യേണ്ടതുമാകുന്നു.കോടതി അറ്റാച്ച്മെന്റ് സംബന്ധിച്ച് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ബോദ്ധ്യമുള്ള സംഗതിയിൽ അതിനു വിരുദ്ധമായ പ്രസ്താവന ഹാജരാക്കിയിരിക്കുന്ന ആധാരത്തിൽ ഉണ്ടെന്നു കണ്ടാൽ ആ വിവരം ആധാരത്തിൽ പ്രതിപാദിച്ച് ആധാരം തയ്യാറാക്കി ഹാജരാക്കുവാൻ നിർദേശിക്കാവുന്നതാണ്.

മേൽ പ്രകാരം കോടതികളിൽ നിന്ന് ലഭിക്കുന്ന നിരോധന ഉത്തരവിലോ, ജപ്തി ഉത്തരവിലോ ടി ഉത്തരവിനെ സംബന്ധിക്കുന്ന വസ്തുവിന്റെ കൈമാറ്റം വിലക്കി കൊണ്ട് സബ് രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ അത്തരം വസ്തുക്കൾ ഉൾപ്പെട്ട് വരുന്ന ആധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കേണ്ടതുള്ളു. അല്ലാതെയുള്ള കോടതി ഉത്തരവുകൾ രജിസ്ട്രേഷന്റെ നിഷേധത്തിനുള്ള കാരണമായി കണക്കാക്കാൻ സാധിക്കുകയില്ല. ടി വിഷയത്തിലുള്ള സർക്കാറിന്റെ 28/09/1995 ലെ 8777/ഇ3/95/റ്റിഡി നമ്പർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയതിനാൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷനായി ഹാജരാക്കുന്ന ആധാരങ്ങൾ മതിയായ കാരണങ്ങൾ കൂടാതെ നിഷേധിക്കാൻ പാടുള്ളതല്ല എന്ന് നിർദേശിക്കുന്നു.

ഈ സർക്കുലറിന്റെ കൈപ്പറ്റ് വിവരം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ

(ഒപ്പ്)

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി

പകർപ്പ് 1) എല്ലാ രജിസ്ട്രേഷൻ ഡി.ഐ.ജി മാർക്കും,

2) എല്ലാ ജില്ലാ രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്കും (ജില്ലാ രജിസ്ട്രാർ (ജനറൽ)മാർ സർക്കുലറിന്റെ പകർപ്പ് എല്ലാ സബ് രജിസ്ട്രാർമാർക്കും നൽകി കൈപ്പറ്റ് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

3) ഈ ഓഫീസിലെ എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും, എല്ലാ സെക്ഷൻ മേധാവികൾക്കും

4) ഫയൽ